**ഇന്ത്യ-മാലദ്വീപ് നയതന്ത്ര ബന്ധം സ്ഥാപിതമായതിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ച് സ്മരണിക സ്റ്റാമ്പുകൾ പുറത്തിറക്കി (ജൂലൈ 25, 2025)**

ജൂലൈ 25, 2025

ഇന്ത്യ-മാലിദ്വീപ് നയതന്ത്ര ബന്ധം സ്ഥാപിതമായതിന്റെ 60-ാം വാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസുവും ചേർന്ന് സ്മരണിക സ്റ്റാമ്പുകൾ പുറത്തിറക്കി.

2. ഇരുരാജ്യങ്ങളും തമ്മിലുള്ള പതിറ്റാണ്ടുകൾ നീണ്ട ഉഭയകക്ഷിബന്ധത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഈ സ്റ്റാമ്പുകൾ. ഇതിൽ കേരളത്തിലെ ബേപ്പൂരിലുള്ള ചരിത്രപ്രസിദ്ധമായ ബോട്ട് യാർഡുകളിൽ കൈകൊണ്ട് നിർമ്മിക്കുന്ന വലിയ തടി വള്ളമായ ഉരു, മാലദ്വീപിന്റെ പരമ്പരാഗത മത്സ്യബന്ധന വള്ളമായ വധു ധോണി എന്നിവ ചിത്രീകരിച്ചിരിക്കുന്നു. ഈ ബോട്ടുകൾ നൂറ്റാണ്ടുകളായി ഇന്ത്യൻ മഹാസമുദ്ര വ്യാപാരത്തിന്റെ ഭാഗമാണ്. മാലദ്വീപിന്റെ പരമ്പരാഗത മത്സ്യബന്ധന ബോട്ട് - വധു ധോണി - പവിഴപ്പുറ്റുകൾക്കിടയിലും തീരദേശ മത്സ്യബന്ധനത്തിനും ഉപയോഗിക്കുന്നു. ഇത് മാലിദ്വീപിന്റെ സമ്പന്നമായ സമുദ്ര പൈതൃകത്തെയും ദ്വീപ് ജീവിതവും സമുദ്രവും തമ്മിലുള്ള അടുത്ത ബന്ധത്തെയും ചിത്രീകരിക്കുന്നു.

3. 1965-ൽ സ്വാതന്ത്ര്യം നേടിയ മാലദ്വീപുമായി നയതന്ത്ര ബന്ധം സ്ഥാപിച്ച ആദ്യ രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഈ സ്മരണിക സ്റ്റാമ്പുകളുടെ പ്രകാശനം ഇരുരാജ്യങ്ങളും തമ്മിലുള്ള ദൃഢവും ചരിത്രപരവുമായ ബന്ധത്തെ അടയാളപ്പെടുത്തുന്നു.

**മാലി**

**ജൂലൈ 25, 2025**